## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2277 - 12/02/2020-ലെ മറുപടിക്ക്

## കേന്ദ്ര നികുതിവരുമാന വിഭജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ജെ. മാക്സി | ഡോ. ടി. എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്ര നികുതി വരുമാന വിഭജനം വഴി നികുതി വിഹിതത്തിന്റെ എത്ര ശതമാനമാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ടത്; വ്യക്തമാക്കുമോ; | പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം വിഭജിക്കാവുന്ന കേന്ദ്ര നികുതി വരുമാനത്തിന്റെ (തനി) 42 ശതമാനമാണ് സംസ്ഥാനങ്ങൾക്ക് ശുപാർശ ചെയ്തിട്ടുള്ളത്. |
| (ബി) അതുപ്രകാരം ഈ സർക്കാർ കാലയളവിൽ സംസ്ഥാനത്തിന് ലഭ്യമാകേണ്ട തുക എത്ര; അതിൽ എത്ര ലഭ്യമായി; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | ഇതു പ്രകാരം 2016-17 മുതൽ 2019-20 വരെ കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും സംസ്ഥാനത്തിന് ലഭിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു;<br>(തുക കോടിയിൽ) |

| വർഷം | കേന്ദ്ര ബഡ്ജറ്റ് എസ്റ്റിമേറ്റ് (B.E) | ലഭിച്ചത് (Actual) |
|---|---|---|
| 2016-17 | 14282.00 | 15225.02 |
| 2017-18 | 16891.75 | 16833.08 |
| 2018-19 | 19703.01 | 19038.17 |
| 2019-20 | 21115.14 | 13345.72* |

*ജനുവരി 2020 വരെ

| | |
|---|---|
| (സി) സംസ്ഥാനങ്ങൾക്ക് നികുതിയിനത്തിൽ ഇത്രയും തുക നൽകേണ്ടതില്ലെന്ന നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;<br><br>(ഡി) പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നിലവിൽ സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്ന നികുതി വിഹിതത്തിൽ കുറവ് വരുത്തുന്നതിന് ശ്രമിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ഇല്ല. 14-ാം ധനകാര്യ കമ്മീഷൻ വിഭജിക്കാവുന്ന കേന്ദ്ര നികുതി വരുമാനത്തിന്റെ (തനി) 42 % സംസ്ഥാനങ്ങൾക്ക് നൽകുന്നതിനായി ശുപാർശ ചെയ്യുകയും ഇതിന്റെ 2.50% സംസ്ഥാനത്തിന് നികുതി വിഹിതമായി ലഭിക്കുകയും ചെയ്തു. എന്നാൽ 15-ാം ധനകാര്യ കമ്മീഷൻ 2020-21 ലേക്ക് നല്കിയ ശുപാർശയിൽ വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം 41 % ആയും സംസ്ഥാന നികുതി വിഹിതം ഇതിന്റെ 1.943% മായി കുറയ്ക്കുകയും ചെയ്തു. |
| (ഇ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും സംസ്ഥാനത്തിന് ലഭ്യമാകേണ്ട കേന്ദ്ര നികുതി വിഹിതം എത്ര; വിശദമാക്കുമോ; | ഉത്തരം (ബി) കാണുമല്ലോ. |
| (എഫ്) ജി.എസ്.ടി. വരുമാനത്തിലെ നഷ്ടപരിഹാരം എത്ര; എത്ര ലഭ്യമായി; വിശദാംശം ലഭ്യമാക്കുമോ? | 2017-18 സാമ്പത്തിക വർഷത്തെ ജി.എസ്.ടി വരുമാനത്തിലെ നഷ്ടപരിഹാര തുകയായ 2895.32 കോടി രൂപയും 2018-19 സാമ്പത്തിക വർഷം നഷ്ട പരിഹാരതുകയായി 3532 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.<br><br>2019-20 സാമ്പത്തിക വർഷത്തിൽ ജനുവരി 31 വരെ സംസ്ഥാനത്തിന് ലഭിക്കാനുള്ള ജി.എസ്.ടി നഷ്ട പരിഹാരതുക 6665 കോടി രൂപയാണ്. ആയതിൽ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ 3743 കോടി രൂപ ലഭിച്ചിട്ടുണ്ട് (ഏപ്രിൽ- മേയ് മാസത്തിൽ 862 കോടി രൂപ, ജൂൺ- ജൂലൈ മാസത്തിൽ 1284 കോടി രൂപ, ഓഗസ്റ്റ് - സെപ്റ്റംബർ 1597 കോടി രൂപ) |

| | |
|---|---|
| | ഒക്ടോബർ മുതൽ ജനുവരി വരെ 2922 കോടി രൂപ നഷ്ട പരിഹാരതുകയായി സംസ്ഥാനത്തിന് ഇനി ലഭിക്കുവാനുണ്ട് (ഒക്ടോബർ- നവംബർ മാസത്തിൽ 1511 കോടി രൂപയും ഡിസംബർ- ജനുവരി മാസത്തിൽ 1411 കോടി രൂപയും ലഭിക്കുവാനുണ്ട് ) |

Sreekala
സെക്ഷൻ ഓഫീസർ